# Malayala Manorama

# 18 June 2018

# Kakkanad, Heavy Rain, Wind, Widespread Damage, Waterlogged Roads



# ദുരിത വർഷം

കാക്കനാട് ● കാറ്റിലും മഴയിലും മരം വീണു കാക്കനാട് മേഖലയിൽ നാലിടത്തു നാശനഷ്ടം. ഇൻഫോപാർക്ക് റോഡ്, തുതിയൂർ, നവോദയ, ചിത്രപ്പുഴ പാലം പരിസരം എന്നിവിടങ്ങളിലാണ് ഇന്നലെ രാവിലെ മരം വീണത്.

ഇൻഫോപാർക്ക് റോഡ് വക്കിൽ നിന്നിരുന്ന മരം സുരഭി നഗറിലെ വീടിനു മുകളിലേക്കു മറിഞ്ഞു വീണു. വൈദ്യുതി ലൈനിൽ തങ്ങിനിന്നതിനാൽ വീടിനു സാരമായ കേടു സംഭവിച്ചില്ല. ക്രെയിൻ ഉപയോഗിച്ചു മരം പൊക്കിയെടുത്ത ശേഷമാണു മുറിച്ചു മാറ്റിയത്.

ഇന്നലെ രാവിലെ പത്തരയ്ക്കായിരുന്നു അപകടം. ഫയർ ഫോഴ്സും സ്ഥലത്തെത്തിയിരുന്നു. തെങ്ങോട് നവോദയ ജംക്ഷനു സമീപം റോഡിലേക്കു മരം വീണു ഗതാഗതം മുടങ്ങി. രാവിലെ 11-നായിരുന്നു സംഭവം.

കനത്ത മഴയെത്തുടർന്ന് എറണാകുളം എംജി റോഡിലുണ്ടായ വെള്ളക്കെട്ട്.

**കാറ്റിലും മഴയിലും മരം വീണ് കാക്കനാട്ട് നാശനഷ്ടം; കാനകൾ നിറഞ്ഞു കവിഞ്ഞു, റോഡുകളിൽ വെള്ളക്കെട്ട്**

ഫയർഫോഴ്സും നാട്ടുകാരും ചേർന്നു മരം മുറിച്ചുമാറ്റി.

ചിത്രപ്പുഴ പാലത്തിനു സമീപം ഇരുമ്പനം-എരൂർ റോഡിൽ വീണ മരവും ഫയർഫോഴ്സ് മുറിച്ചുനീക്കി. വെണ്ണലയിലും മരം വീണു. കാക്കനാട്ടെ പല റോഡുകളിലും വെള്ളക്കെട്ടും രൂപപ്പെട്ടു.

പടമുകൾ ഇന്ദിരാ ജംക്ഷൻ-പാപ്പാളി നഗർ-വാഴക്കാല റോഡ് പൂർണമായും വെള്ളത്തിലായി. കാനകളിലൂടെ വെള്ളം ഒഴുകി പോകാൻ ഇടമില്ലാത്തതിനാൽ കാന കവിഞ്ഞാണ് റോഡിൽ വെള്ളമെത്തുന്നത്.

കാക്കനാട് പടമുകൾ പാപ്പാളി നഗർ-വാഴക്കാല റോഡ് വെള്ളത്തിലായനിലയിൽ.



കാക്കനാട് സുരഭി നഗറിലെ വീടിനു മുകളിലേക്കു വീണ മരം വൈദ്യുതി ലൈനിൽ തങ്ങിനിൽക്കുന്നു.